തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

ഇപ്പോൾ 18 പഞ്ചായത്തുകൾ ഇൻസ്പെക്ടർമാരുണ്ട്. അവരിൽ രണ്ടു പേർ അത്യാവശ്യ പരിശോധനകൾക്കായി പ്രവർത്തിക്കേണ്ടതിലേയ്ക്ക് ഹെഡ് ആഫീസിൽ ജോലി ചെയ്യുകയാണ്. ബാക്കിയുള്ള 16 പേരിൽ ഓരോരുത്തരുടേയും കീഴിൽ 28 മുതൽ 46 വരെ പഞ്ചായത്തുകളുണ്ട്.

## UNSTARRED QUESTIONS AND ANSWERS

### Anglo-Indians in the Co-operative Department.

315. [3] SHRI A. A. D. LUIZ: Will the Minister for Local Self Government be pleased to state:

The exact number of Anglo-Indians that have been entertained in the Co-operative Department during the past two years?

*Answer.*

Nil.

### Anglo-Indians in the Medical Department.

316. [4] SHRI A. A. D. LUIZ: Will the Minister for Health be pleased to state:

The exact number of Anglo-Indians that have been entertained in the Medical Department during the past three years?

*Answer.*

Four.

### അഞ്ചൽ പദ്ധതി.

317. [5] ശ്രീ. പി. ഗോപാലൻ: തഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിസ്തീർണ്ണത്തിൽ തിരുവിതാംകൂർ–കൊച്ചിയിലെ രണ്ടാമത്തെ പദ്ധതിയായ അഞ്ചൽ പദ്ധതി ജനങ്ങളുടെ സഹായത്തോടും പ്രമാണിച്ചു രണ്ടായി വിഭജിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതേപ്പറ്റി എന്തെങ്കിലും പ്രായോഗിക നിർദ്ദേശങ്ങൾ സർവ്വെ ഡിപ്പാർട്ടുമെന്റ് നൽകിയിട്ടുണ്ടോ?

### ഉത്തരം.

(എ) താലൂക്കുകളും വില്ലേജുകളും വിഭജിക്കുന്നതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യുന്നതിനു് ഒരു കമ്മിറ്റിയെ ഗവണ്മെന്റ് നിയമിച്ചിട്ടുണ്ട്. അഞ്ചൽ പദ്ധതിയുടെ കാര്യവും പ്രസ്തുത കമ്മിറ്റിയുടെ പരിഗണനയിൽ പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. വിഭജനം നടത്തുമ്പോൾ ഇപ്പോഴുള്ള സർവ്വെ നമ്പരുകൾ മാറ്റി വിഭജിക്കപ്പെടുന്ന വില്ലേജുകളിൽ പുതിയതായി സർവ്വെ നമ്പരുകൾ ഏർപ്പെടുത്തേണ്ടതാണെന്ന സർവ്വെ സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ഇപ്പോഴത്തെ കമ്മിറ്റി ഈ കാര്യവും പരിഗണിക്കുന്നതാണ്.

## കാളനൈസേഷൻ.

318. [6] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പകുതിയിൽ വാളക്കോട് സർവ്വെ 644/1, 28½ ഏക്കർ സ്ഥലം പിന്നോക്കസമുദായക്കാർക്ക് കാളനൈസേഷൻ പദ്ധതി പ്രകാരം കൊടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ സ്ഥലം കഴിയുന്നതും വേഗത്തിൽ അവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം.

(എ) പുനലൂർ പകുതിയിൽ വാളക്കോട് സർവ്വെ 644/1-ൽ 28½ ഏക്കർ സ്ഥലം പിന്നോക്കസമുദായക്കാർക്ക് കാളനിക്കവേണ്ടി കൊടുക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സ്ഥലം കഴിയുന്നതും വേഗത്തിൽ അവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

## വനം കൃഷിക്കാർ.

319. [7] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിസർവ്വ് വനത്തിൽപ്പെട്ട എത്ര ഏക്കർ ഭൂമി, ഗ്രോ മോർ ഫുഡ് സ്കീം യാതനക്കാർക്ക് പതിവ്, കാളനൈസേഷൻ സ്കീം, എക്സ് സർവ്വീസ്മെൻ കോളനി തുടങ്ങിയ ഏർപ്പാടിൽ 1947-മുതൽ 1955 വരെയുള്ള കാലത്ത് കൃഷിക്ക് നൽകിയിട്ടുണ്ട്; ഓരോ ഡിവിഷനിലും നൽകിയിട്ടുള്ളത് എത്ര ഏക്കർ വീതം; മറ്റ ഭൂമിയുള്ളവരായി എത്ര പേർ ഇങ്ങനെ ഭൂമി കൈയ്യടക്കി വച്ചിട്ടുണ്ടെന്ന് അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ ആരെയെങ്കിലും കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഒഴിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെ; എവിടെയൊക്കെ; ഈ ഭൂമി കൈവശംവച്ച് കൃഷി ചെയ്യുവരുന്ന സാധു കൃഷിക്കാരേയും കർഷകത്തൊഴിലാളികളേയും ഇക്കഴിഞ്ഞ അർദ്ധവർഷത്തിൽ ഒഴിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ ആരെ; അവരെ ഒഴിപ്പിക്കാനുള്ള നടപടികൾ നിറുത്തിവയ്ക്കുകയും ഒഴിപ്പിച്ചെടുത്ത ഭൂമി അവർക്ക് തിരിച്ചുകൊടുക്കുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly